**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/028/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 01-07-2025**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീമതി. ഏലീയാമ്മ വർഗീസ്<br>കുറുപ്പനാട്ട് ഹൌസ്,<br>മഞ്ഞൂർ പി.ഒ, കോട്ടയം ജില്ല - **686603** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>ഏറ്റുമാനൂർ, കോട്ടയം ജില്ല. |

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീമതി. ഏലിയാമ്മ വർഗീസ് പരേതനായ കെ.എം വർഗീസിന്റെ പത്നിയാണ്. ഏറ്റുമാനൂർ സബ്ബ് ഡിവിഷന്റെ കീഴിൽ വരുന്ന ലൈസൻസി **(KSEBL)** യുടെ കുറുപ്പന്തറ സെക്ഷനിൽ കൺസ്യൂമർ നമ്പർ **1146473006840** ആയി വർഗീസ് കെ.എം എടുത്തിട്ടുള്ള കാർഷിക കണക്ഷനെക്കുറിച്ചാണ് ഈ പരാതി. വർഗീസ് കെ.എം മരണപ്പെട്ടാൽ വിൽപ്പത്രപ്രകാരം ശ്രീമതി.ഏലിയാമ്മയാണ് ഇപ്പോഴത്തെ അവകാശി **7.56 KW connected** ലോഡുള്ള **LT 5A** താരിഫിൽ പാടശേഖരത്തിലേയ്ക്കും മറിച്ചും വെള്ളം പമ്പ് ചെയ്യുന്നതിന് സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റിനുവേണ്ടിയാണ് കണക്ഷൻ എടുത്തിട്ടുള്ളത്. ഈ പ്രസ്തുത കണക്ഷനിൽ **8082/-**രൂപ കുടിശ്ശികയുള്ളതായി കാണുന്നു. **2021** ൽ ഈ പാടശേഖരം ബലമായി മാഞ്ഞൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി നടത്തിയതായും അതിനുവേണ്ടി പമ്പു ഹൌസും പമ്പും പഞ്ചായത്തിന്റെ നേതൃത്വത്തിൽ കയ്യേറിയതായും കാണുന്നു. **2021** മുതലുള്ള കറന്റ് ചാർജ് കൃഷിഭവൻ അടച്ചുകൊള്ളാമെന്ന് മാത്തൂർ കൃഷിഭവൻ അറിയിച്ചിട്ടുള്ളതുമാണ്. പമ്പ് ഹൌസ് ഇരിക്കുന്ന സ്ഥലം പരാതിക്കാരിയ്ക്ക്

അവകാശപ്പെട്ടതാണെന്നതിനാൽ തന്നെ സ്ഥല നികുതി കൃത്യമായി അടച്ചിട്ടുള്ളതുമാണ്. ഇപ്പോൾ കൃഷിയില്ലാത്തതിനാൽ തന്നെ പമ്പ് സെറ്റിന് ഉപയോഗമില്ല. അതിനാൽ പ്രസ്തുത കണക്ഷൻ **disconnect** ചെയ്തു **dismantle** ചെയ്യാൻ ലൈസൻസിയ്ക്ക് അപേക്ഷ നൽകിയിട്ട് അത് നടപ്പിലായി കിട്ടിയില്ല. തർക്കം പരിഹരിക്കുന്നതിനായി **CGRF** ൽ പരാതി നൽകുകയും **CGRF 07/03/2025** ൽ ഉത്തരവിറക്കുകയും ചെയ്തു. **CGRF** ന്റെ ഉത്തരവ് തൃപ്തികരമല്ലാത്തതിനാൽ അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരിയുടെ വാദം

**18.11.2024** ൽ ഞാൻ **CGRF KSEB Ltd South Region** കൊട്ടാരക്കര മുമ്പാകെ പരാതി നൽകുകയും ആയത് **OP No 68/2024** നമ്പറായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതാകുന്നു. **07.03.25** ൽ **OP No 68/24** ഉത്തരവായിട്ടുള്ളതും ടി ഉത്തരവ് നിയപരമല്ലാത്തതും വസ്തുതകൾക്ക് നിരക്കാത്തതുമാകുന്നു.

**Consumer No 1146473006840** എന്റെ ഭർത്താവിന്റെ പേരിലുള്ളതും ഞാൻ എന്റെ ഭർത്താവിന്റെ ലീഗൽ ഹയർ ആകുന്നു. മാഞ്ഞൂർ പഞ്ചായത്ത് **building no 11/519 A** എന്റെ ഭർത്താവിന്റെ പേരിലുള്ളതും ആയതിന്റെ നികുതി ഞങ്ങൾ കൃത്യമായി അടച്ചു വരുന്നതുമാകുന്നു. **Consumer No 1146473006840** വൈദ്യുതി തുക **31/12/2021** വരെ ഞങ്ങൾ കൃത്യമായി അടച്ചിട്ടുള്ളതാണ്.

ഡിസംബർ **2021** മുതൽ മാഞ്ഞൂർ പഞ്ചായത്ത് മാഞ്ഞൂർ കൃഷി ഭവൻ കൃഷി ഓഫീസറും, അനീഷ് പി.എം പ്ലാക്കിയിൽ, മേമ്മുറി പി.ഓ, സിറിൽ ചാക്കോ, അപ്പോഴി പറമ്പിൽ മേമ്മുറി പി.ഒ ചേർന്ന് നിലവും, വൈദ്യുതി കണക്ഷനും കയ്യേറി ഞങ്ങളുടെ നിയമപരമായ അനുമതിയില്ലാതെ കൃഷി ചെയ്യുവാൻ ആരംഭിച്ചിട്ടുള്ളതാകുന്നു. ടി കാലയളവ് മുതലുള്ള വൈദ്യുതി ചാർജ് തരുവാൻ എനിക്ക് ബാധ്യതയില്ലാത്തതും ആയതുമായി ബന്ധപ്പെട്ടുള്ള ക്രിമിനൽ നടപടികൾ ബഹു. വൈക്കം മജിസ്ട്രേറ്റ് കോടതി മുമ്പാകെ നടന്നു വരുന്നതുമാകുന്നു.

ടി കാലയളവിലെ മുഴുവൻ വൈദ്യുതി ചാർജ് തുകയും മാഞ്ഞൂർ കൃഷി ഭവൻ നല്കികൊള്ളണമെന്നു രേഖാമൂലം **09-10-2024** തീയതിയിൽ കൃഷി ഓഫീസർ **KSEB** സെക്ഷൻ കുറുപ്പന്തറ അസിസ്റ്റന്റ് എഞ്ചിനീയറെ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. എന്റെ ഭർത്താവിന്റ പേരിലും

ഉടമസ്ഥതയിലുമുള്ള മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് **building no 11/519 A** കെട്ടിടം ഏതോ ഒരു പാടശേഖരത്തിന്റെതാണെന്ന് യാതൊരു രേഖകളോ മാനദണ്ഡമില്ലാതെയാണ് **OP 68/24** ഹർജിയുടെ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നത്. ആയതിനാൽ താഴെപ്പറയുന്ന നിവൃത്തികൾ അനുവദിച്ച് തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

ഏറ്റുമാനൂർ സബ് ഡിവിഷന്റെ കീഴിൽ വരുന്ന കുറുപ്പന്തറ സെക്ഷനിൽ നിന്നും കൺസ്യൂമർ നമ്പർ **1146473006840** ആയി ശ്രീ.വർഗീസ്.കെ.എം, കുറുപ്പനാട്ട് മാഞ്ഞൂർ എന്നയാളുടെ പേരിൽ **LT- 5A** താരിഫിൽ,**7560** വാട്ട്സ് കണക്റ്റഡ് ലോഡിൽ ഒരു ത്രീ ഫേസ് വൈദ്യുതി കണക്ഷൻ കാർഷികാവശ്യത്തിന് നൽകിയിട്ടുള്ളതാണ്.നിലവിൽ ടി കണക്ഷനിൽ **8082/-** രൂപ **(as on 4/2025)** വൈദ്യുതി തുക കുടിശ്ശിക ഉള്ളതായി കാണുന്നു. ശ്രീ.വർഗീസ് മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി.ഏലിയാമ്മ വർഗീസ് ടി വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച് സെക്യൂരിറ്റി തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് **23.08.2024** ൽ കുറുപ്പന്തറ സെക്ഷനിൽ അപേക്ഷ നൽകി യിരുന്നു.ടി കണക്ഷന്റെ വൈദ്യതി ചാർജ് തുക **2021** ഡിസംബർ മുതൽ മാഞ്ഞൂർ കൃഷി ഭവനിൽ നിന്നും അടച്ച് കൊള്ളാമെന്ന് അറിയിച്ചിട്ടുള്ളതായി അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ ടി കണക്ഷൻ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് കുറുപ്പന്തറ സെക്ഷനിൽ നിന്നും മാഞ്ഞൂർ കൃഷിഭവനി ലേക്ക് കത്ത് അയയ്ക്കുകയും ചെയ്തിരുന്നു.

കൺസ്യൂമർ നമ്പർ **6840** പൈങ്ങോട്ട് കുഴലിച്ചിറ പാടശേഖരത്തിന്റെ മോട്ടോർ പുരയ്ക്ക് ആയതിനാലാണ് കൃഷിഭവൻ വൈദ്യുതി തുക അടക്കുന്നതെന്നും തരിശ്ശായി കിടന്നിരുന്ന പാടശേ ഖരത്തിൽ **2021 -22** ൽ നെൽകൃഷി നടത്തിയിരുന്നതായും രണ്ടാം വർഷ കൃഷിയിറക്കിയ സമയത്ത് തർക്കമുണ്ടായതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് ഉള്ളതായും നിലവിൽ കൃഷി ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ താത്കാലികമായി വിച്ഛേദിക്കുന്നതിൽ തടസ്സമില്ല. എന്നും കൃഷി ചെയ്യുന്ന മുറയ്ക്ക് കണക്ഷൻ പുനഃസ്ഥാപിച്ച് നൽകണമെന്നും **28.09.2024** ൽ ഇ-മെയിൽ മുഖേന മാഞ്ഞൂർ കൃഷിഭവനിൽ നിന്നും ടി സെക്ഷനിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ നില വിൽ പ്രസ്തുത സ്ഥലത്തെ കേസ് സംബന്ധിച്ച വിവരങ്ങൾ കത്തിൽ പരാമർശിച്ചിട്ടില്ല.

മേൽ പറഞ്ഞ പാടശേഖരത്തിന്റെ മോട്ടോർ പുര **2002-2003, 2003-2004** സാമ്പത്തി വർഷത്തിൽ കടുത്തിരുത്തി ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണം പദ്ധതിയിൽ പണികഴിപ്പിച്ചു. ള്ളതാണെന്നും അതിനാലാണ് ടി കൺസ്യൂമർ നമ്പറിൽ വരുന്ന വൈദ്യുതി തുക വർഷങ്ങളായി കൃ ഭവനിൽ നിന്നും അടച്ച് വരുന്നതെന്നും **09.10.2024** ൽ മാഞ്ഞൂർ കൃഷി ഭവനിൽ നിന്നും അറിയിച്ചു ട്ടുണ്ട്. കൂടാതെ ടി കൺസ്യൂമർ നമ്പറിൽ വരുന്ന കറന്റ് ചാർജ് കുടിശ്ശിക തുക കൃഷിവകുപ്പിൽ ഫ വരുന്ന മുറയ്ക്ക് അടച്ചുകൊണ്ടിരിക്കുന്നതാണെന്നും ടി കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷൻ പൈങ്ങോട്ട് കുഴിച്ചിറ പാടശേഖര സെക്രട്ടറിയുടെ പേരിലേക്ക് മാറ്റി നൽകണമെന്നും കത്തി സൂചിപ്പിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ വൈദ്യുതി കണക്ഷൻ അഴിച്ചെടുക്കുന്നതിന് കൃഷി ഭവനിൽ നിന്ന് എതിർപ്പ് അറിയിച്ചിട്ടുള്ളതിനാലും കറന്റ് ചാർജ് കുടിശ്ശിക തുക കൃഷിഭവൻ അടക്കുന്നതിനാലും നിലവിൽ ഹർജി ക്കാരി ആവശ്യപ്പെട്ടതുപോലെ ടി കണക്ഷൻ അഴിച്ചെടുക്കുവാൻ സാദ്ധ്യമാകുന്നതല്ല. കൺസ്യൂമർ നമ്പർ **1146473006840** ൽ **4/2023** മുതൽ കറന്റ് ചാർജ് തുക കുടിശ്ശിക ഉള്ളതായി കാണുന്നു. ടി പ്രിമിസിസിൽ **26.04.2023** മുതൽ വൈദ്യുതി ഉപയോഗിക്കുന്നതായി കാണുന്നില്ല. ആയതിനാൽ മിനിമം ചാർജ് മാത്രമാണ് വൈദ്യുതി ബിൽ നൽകി വരുന്നത്. **2/2023** ലെ വൈദ്യതി ബിൽ തുക യായ **1394/-** രൂപ **21.03.2023** ലും **6/2023** ലെ **Annual ACD** തുകയായ **681/-**രൂപ **21.06.2024** ലും മാഞ്ഞൂർ കൃഷി ഭവനിൽ നിന്നും അടച്ചിട്ടുള്ളതായി കാണുന്നു.

ശ്രീമതി. ഏലിയാമ്മ വർഗീസ് ബഹുമാനപ്പെട്ട **CGRF** ൽ **OP.No.68/2024** നമ്പർ ആയി പരാതി നൽകുകയും ഫോറത്തിന്റെ ഉത്തരവ് പ്രകാരം ടി കണക്ഷന്റെ നിലവിലുള്ള കുടിശ്ശിക തുക ഹർജിക്കാരി അടച്ച് തീർക്കുന്ന മുറയ്ക്ക് നിയമപരമായ വ്യവസ്ഥകൾ പാലിച്ച് കണക്ഷൻ വിച്ഛേദിക്കാവുന്നതാണ ന്നും മറ്റ് ചിലവുകൾ ഒന്നും അംഗീകരിച്ചില്ല എന്നുമാണ്.ടി കണക്ഷന്റെ കുടിശ്ശിക തുക അടയ്ക്കുന്നതിന് **19.03.2025** ൽ **DB_No.2/Krpa/complaint/2024-25/205** പ്രകാരം കത്ത് കുറുപ്പന്തറ സെക്ഷനിൽ നിന്നും ശ്രീമതി.ഏലിയാമ്മ വർഗീസിന് നൽകിയിട്ടുള്ളതുമാണ്. മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 25/06/2025-ന് രാവിലെ 11-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരിയെ പ്രതിനിധീകരിച്ച് ശ്രീ.ബിൻസൺ വർഗീസ് എതിർകക്ഷി ശ്രീ.അശോക്.ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഏറ്റുമാനൂർ, കോട്ടയം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരേതനായ ശ്രീ.കെ.എം വർഗീസ് ഉപഭോക്താവായി അദ്ദേഹത്തിന്റെ പാടശേഖരത്തിൽ കൃഷിയിറക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള കാർഷിക കണക്ഷനാണ് കൺസ്യൂമർ നമ്പർ.1146473006840 ആയിട്ടുള്ള 7.56 KW connected load ഉള്ള LT 5 A താരിഫിലുള്ളതുമായ കണക്ഷൻ. വിൽപ്പത്ര പ്രകാരം വർഗീസിന്റെ അനന്തരാവകാശി ഭാര്യയായ ശ്രീമതി. ഏലിയാമ്മ വർഗീസായതിനാൽ നിലവിലുള്ള ഉപഭോക്താവ് പരാതിക്കാരിയാകുന്നു. 17/02/2004 ൽ നൽകിയിട്ടുള്ള ഈ കണക്ഷന്റെ കറന്റ് ചാർജ് ഉപഭോക്താവാണ് അടച്ചു വന്നിരുന്നത്. 2015 ന് ശേഷം കൃഷിനടക്കാത്തതിനാൽ Fixed charge അടച്ച് കണക്ഷൻ നിലനിർത്തിപ്പോകണം. 01/2021 ൽ ഒരു വർഷത്തേയ്ക്കുള്ള fixed charge അഡ്വാൻസ് ആയി അടച്ചതിന്റെ രസീത് സമർപ്പിച്ചിരുന്നു. 10/2021 ൽ മാഞ്ഞൂർ കൃഷി ഓഫീസറും മാഞ്ഞൂർ പഞ്ചായത്തും തരിശു കിടക്കുന്ന ഈ പാടശേഖരത്തിൽ കൃഷിയിറക്കണമെന്നും അല്ലെങ്കിൽ ആ ഭൂമി കർഷക സമിതികളെ ഏൽപ്പിച്ച് കൃഷി നടത്തുമെന്നും കാണിച്ച് കത്ത് നൽകിയതായി കാണുന്നു. മാത്രവുമല്ല 2021 ൽ തന്നെ ഈ പാടശേഖരവും പരാതിക്കാരിയുടെ പുരയിടത്തിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസും (പമ്പുൾപ്പെടെ) ബലാൽക്കാരമായി കൃഷിഭവന്റെ നേതൃത്വത്തിൽ പാടശേഖര സമിതിയെ ഏൽപ്പിച്ചതായും കാണുന്നു. 12/2021 മുതലുള്ള കറന്റ് ചാർജ് കൃഷി ഭവൻ അടച്ചുകൊള്ളുമെന്ന ഉറപ്പുനൽകിയതായും കാണുന്നു. പാടവും പമ്പ് ഹൗസും തിരികെ കിട്ടാൻ വേണ്ടി പല നിയമ പോരാട്ടങ്ങളും പരാതിക്കാരി ചെയ്തിട്ടുള്ളതായും മനസ്സിലാക്കുന്നു. 2021-22 വർഷത്തിൽ കൃഷിയിറക്കിയ ശേഷം പിന്നെ കൃഷി നടന്നിട്ടില്ല എന്നതാണ് കൃഷി ഭവന്റെ കത്തിൽ നിന്നും മനസ്സിലാക്കുന്നത്. ഇപ്പോൾ പലിശയുൾപ്പെടെ 8082/- രൂപ കുടിശ്ശികയുള്ളതായാണ് ലൈസൻസി അറിയിച്ചിരിക്കുന്നത്. കുടിശ്ശികയുള്ള കൃഷി വകുപ്പിൽ നിന്നും ഫണ്ട് വരുന്ന മുറയ്ക്ക് അടച്ചുകൊള്ളാമെന്ന് കൃഷി ഭവൻ അറിയിച്ചിട്ടുള്ളതായും കാണുന്നു.

ഇപ്പോൾ കൃഷി നടക്കാത്തതിനാൽ പമ്പ് ഹൗസിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ആയതുകൊണ്ട് ഈ കണക്ഷൻ വിഛേദിക്കുകയും **dismantle** ചെയ്യുകയും വേണമെന്ന് ആവശ്യ മുന്നറിയിപ്പ് പരാതിക്കാരി ലൈസൻസിയ്ക്ക് അപേക്ഷനൽകിയിരുന്നു. **23/08/2024** ൽ നൽകിയ പരാതിയിൽ ലൈസൻസി ഇതുവരെയും നടപടി എടുത്തിട്ടില്ല എന്നതാണ് പരാതി. **2021** മുതൽ കുടിശ്ശിക ഉണ്ടായിട്ടും കണക്ഷൻ വിഛേദിച്ചിട്ടില്ല. കൃഷി ആവശ്യത്തിനായതിനാലാണ് വിഛേദിക്കാത്തതെന്നാണ് ലൈസൻസി അറിയിച്ചത്. **Regulation 138(1)(a)** പ്രകാരം കറന്റ് ചാർജ് കുടിശ്ശിക വരുത്തിയാൽ കണക്ഷൻ വിഛേദിക്കാൻ ലൈസൻസിയ്ക്ക് അധികാരം നൽകിയിരിക്കുന്നു.

***138. Grounds for disconnection.***-

***(1)*** *The licensee shall not disconnect the supply of electricity to any consumer except on any one or more of the following grounds:-*

> ***(a)*** *if the consumer defaults in payment of the dues payable to the licensee as per the bill or demand notice or any order issued by a competent authority, within the period stipulated therein*

കൃഷിഭവൻ **13/09/2024** ൽ നൽകിയിട്ടുള്ള കത്ത് പ്രകാരവും നെൽകൃഷി സാധ്യമല്ലാത്തതിനാൽ കണക്ഷൻ വിഛേദിക്കാമെന്ന് സമ്മതിയ്ക്കുന്നു. എന്നാൽ **09/10/2024** ൽ നല്കിയിട്ടുള്ള കത്തിൽ കണക്ഷൻ പാടശേഖര സമിതിയ്ക്ക് മാറ്റി നല്കാൻ നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ഒരു സ്വകാര്യ വ്യക്തിയുടെ വസ്തുവിൽ ആ വ്യക്തി സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിലേയ്ക്കുള്ള കണക്ഷൻ മറ്റൊരാളിലേയ്ക്ക് മാറ്റിനൽകാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. അതിനാൽ തന്നെ ആ അപേക്ഷ തള്ളിക്കളയേണ്ടതാണ്. **Supply Code 2014** ലെ **Regulation 145** ൽ കണക്ഷൻ **dismantle** ചെയ്യേണ്ട രീതിയെക്കുറിച്ച് വിവരിക്കുന്നു.

***145. Dismantling on the request of the consumer.***-

***(1)*** *In case a consumer desires his service to be dismantled and the service connection agreement to be terminated, he shall apply for the same in the format specified in Annexure - 20 to the Code.*
***(2)*** *The licensee shall give a written acknowledgment of receipt of such request, on the spot.*

***(3)****The licensee shall, within ten days from receipt of the request, carry out a special reading and prepare a final bill including all arrears up to the date of such billing.*

***(4)****The licensee may disconnect the supply of electricity immediately after the special reading is taken.*

***(5)*** *On payment of all dues by the consumer, the licensee shall issue a No Dues Certificate and a receipt for the payment with the words 'Final Bill' stamped on it.*

***(6)*** *Thereafter, the licensee shall not have any right to recover any charge for any period prior to the date of final bill.*

ഇവിടെ കുടിശ്ശിക തുക അടയ്ക്കേണ്ടതാണ് **disconnection** ന് തടസ്സമായതായി ലൈസൻസി അറിയിക്കുന്നു. ഇവിടെ പാടശേഖര സമിതി കണക്ഷൻ വിഛേദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഈ പാടശേഖരവും പമ്പ് ഹൗസും കൃഷിയ്ക്ക് വേണ്ടി കൃഷിഭവൻ ഏറ്റെടുത്തതിനാൽ തന്നെ കുടിശ്ശിക അടയ്ക്കേണ്ടത് കൃഷി ഭവൻ ആണെന്നതാണ് വസ്തുത. കൃഷി നടക്കാത്തതിനാലും ലൈസൻസി സ്വയമേവ **disconnection** വേണ്ട എന്ന് തീരുമാനിച്ചതിനാലും കുടിശ്ശികയ്ക്ക് പലിശ ഈടാക്കാൻ പാടില്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശക ലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) ലൈസൻസി പലിശ ഒഴിവാക്കി കുടിശ്ശിക കണക്കാക്കി നൽകുക.
2) തീരുമാനം (1) പ്രകാരമുള്ള തുക **Advance** ആയി പരാതിക്കാരി അടയ്ക്കുകയും അങ്ങനെ **connection dismantle** ചെയ്യുക
3) ലൈസൻസി കൃഷിഭവന് **demand** നൽകുകയും, ആ തുക ലഭ്യമാക്കി പരാതിക്കാരി തിരികെ നൽകുകയും ചെയ്യുക.
4) പരാതിക്കാരി **pump house** തുറന്ന് **dismantle** ചെയ്യാനുള്ള സൗകര്യം ഒരുക്കുക.
5) മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/03/2025/ തീയതി: **18-03-2025**

**അയക്കുന്നത്:**

1. ശ്രീ.ബിജു.ടോം, മൂത്തശ്ശേരിൽ ഹൌസ്, പയപ്പാർ പി.ഒ, പാലാ, കോട്ടയം(ജില്ല) - **686651**

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, പാലാ, കോട്ടയം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രീവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**